## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ :2794

02.04.2013 ൽ മറുപടിയ്ക്ക്
നൽകേണ്ടിയിരുന്നത്

**പട്ടയം, കൈവശരേഖ എന്നിവ ലഭിക്കുന്നതിന് നൽകിയ അപേക്ഷകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.റ്റി. ജോർജ് | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ പട്ടയം, കൈവശരേഖ എന്നിവ ലഭിക്കുന്നതിന് നൽകിയിട്ടുള്ള അപേക്ഷകളിൽ നാളിതുവരെ അനുവദിക്കാത്ത അപേക്ഷകൾ എത്ര; | (എ) 77 എണ്ണം |
| (ബി) പട്ടയം വിതരണം ചെയ്യുന്നതിനുള്ള കാലതാമസം വിശദമാക്കുമോ; | (ബി) 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളുടെ നടപടിക്രമത്തിന്റെ ഭാഗമായി 12(1) നോട്ടീസ് പ്രസിദ്ധീകരിക്കുക, പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കുക, അസൈൻമെന്റ് കമ്മിറ്റിയിൽ പാസ്സാക്കുക, മറ്റ് വകുപ്പുകളുടെ അംഗീകാരം ആവശ്യമായ കേസുകളിൽ അത് വാങ്ങുക, സ്ഥല പരിശോധന നടത്തി അസൈനബിൾ ലിസ്റ്റിൽ ഉൾപ്പെടുത്തുക, എന്നീ പ്രക്രിയകൾ പൂർത്തിയാക്കേണ്ടതുണ്ട്. കോളനി പട്ടയങ്ങൾക്കായി പഞ്ചായത്തിന്റെ പേരിൽ പോക്കുവരവ് ചെയ്ത ഭൂമിക്ക് മാത്രമേ പട്ടയം നൽകാൻ കഴിയുകയുള്ളു. പഞ്ചായത്ത് വക ഭൂമി പഞ്ചായത്തിന്റെ പേരിൽ മാറ്റി എടുക്കുന്നതിന് പഞ്ചായത്തിന് കത്ത് നൽകിയിട്ടുള്ളതാണ്. ഇക്കാര്യങ്ങൾ പൂർത്തിയാക്കുന്നതിന് എടുക്കുന്ന സമയമാണ് കാലതാമസമായി വ്യാഖ്യനിക്കുന്നത്. |

| | |
|---|---|
| (സി) നെയ്യാറ്റിൻകര താലൂക്ക് ആഫീസിൽ റീസർവ്വേ സംബന്ധമായ അപേക്ഷകളിൽ നാളിതുവരെ തീർപ്പു കൽപ്പിക്കാത്ത അപേക്ഷകൾ എത്ര; | (സി) 3075 അപേക്ഷകൾ |
| (ഡി) സ്ഥലം മാറിപ്പോയ ജീവനക്കാർ പ്രസ്തുത അപേക്ഷയുമായി ബന്ധപ്പെട്ട രേഖകൾ തിരിച്ചേൽപ്പിക്കാറുണ്ടോ ; (ഇ) പ്രസ്തുത രേഖകൾ തിരിച്ചേൽപ്പിക്കാത്ത ജീവനക്കാരന്റെ പേരിൽ എന്തു നടപടി സ്വീകരിച്ചു, വിശദമാക്കുമോ? | (ഡി) (ഇ) സ്ഥലം മാറിപ്പോയ രണ്ടു ജീവനക്കാർ രേഖകൾ തിരികെ ഏൽപ്പിക്കാതെയുണ്ട്. നെയ്യാറ്റിൻകര അഡീഷണൽ തഹസീൽദാർ ഇവർക്കെതിരെ കുറ്റാരോപണ മെമ്മോ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ